# സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം

സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ
(ഹാജർ : ശ്രീമതി റ്റി.വി അനുപമ.ഐ.എ.എസ്, ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്)

വിഷയം : വനിതാ ശിശു വികസന വകുപ്പ്, ഐ.സി.പി.എസ് - 2021-22 സാമ്പത്തിക വർഷം ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി നിയോഗിച്ച എഡ്യൂക്കേറ്ററുടെ ഏഴ് മാസത്തെ (2021 ജൂൺ മുതൽ 2021 ഡിസംബർ വരെ) ഹോണറേറിയം തുക അനുവദിച്ചു ഉത്തരവാകുന്നു.

പരാമർശം : (1) 21/04/2021-ന് കൂടിയ വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സ്.
(2) 24/05/2021-ലെ GO(Rt) No. 346/2021/SJD നമ്പർ സർക്കാർ ഉത്തരവ്

## ഉത്തരവ് നമ്പർ : ICPS 2/1320/2021 തീയതി : 07/06/2021

വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിലെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം 16 ചിൽഡ്രൻസ് ഹോമുകളിലും നിയോഗിച്ചിരിക്കുന്ന എഡ്യൂക്കേറ്റർമാരുടെ ഹോണറേറിയം ഇനത്തിൽ 2021 ജൂൺ മുതൽ 2022 മാർച്ച് വരെ പ്രതിമാസം 10,000/-രൂപ നിരക്കിൽ 10 മാസത്തേയ്ക്ക് ആവശ്യമായി വരുന്ന തുകയായ 16,00,000/-രൂപയുടെ പ്രൊപ്പോസൽ പരാമർശം ഒന്ന് പ്രകാരം കൂടിയ വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കുകയും ആയതിന് അനുമതി ലഭിക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന 16 ഗവ ചിൽഡ്രൻസ് ഹോമിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി നിയോഗിക്കുന്ന എഡ്യൂക്കേറ്റർമാരുടെ ഹോണറേറിയം ഇനത്തിൽ നടപ്പു സാമ്പത്തിക വർഷം 2021 ജൂൺ മുതൽ 2022 മാർച്ച് വരെ ആവശ്യമായ 16,00,000/-രൂപ (പതിനാറ് ലക്ഷം രൂപ മാത്രം) 2235-02-102-36(P)-02 ഹെഡിൽ നിന്നും ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി പരാമർശം രണ്ട് സർക്കാർ ഉത്തരവ് പ്രകാരം ലഭ്യമായി.

ആയതിന്റെ അടിസ്ഥാനത്തിൽ നടപ്പു സാമ്പത്തിക വർഷം വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന 16 ഗവ ചിൽഡ്രൻസ് ഹോമുകളിൽ നിയോഗിച്ചിരിക്കുന്ന എഡ്യൂക്കേറ്റർമാരുടെ പ്രതിമാസം ഹോണറേറിയം തുകയായ 10,000/-രൂപ എന്ന കണക്കിൽ 2021 ജൂൺ മുതൽ 2022 ഡിസംബർ വരെ ആവശ്യമായി വരുന്ന ആകെ തുകയായ 11,20,000/-രൂപ ചുവടെ ചേർക്കും പ്രകാരം അഡ്വാൻസായി അനുവദിക്കാവുന്നതാണ് .

| നമ്പർ | സ്ഥാപനത്തിന്റെ പേര് | തുക അലോട്ട്മെന്റ് ആയി അനുവദിക്കേണ്ട വ്യക്തി | തുക (പ്രതിമാസം 10,000/-രൂപ നിരക്കിൽ 2021 ജൂൺ മുതൽ 2021 ഡിസംബർ വരെ) |
|---|---|---|---|
| 1 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്,പൂജപ്പുര, തിരുവനന്തപുരം | ജില്ലാ വനിതാ ശിശു വികസന ഓഫീസർ, തിരുവനന്തപുരം | 70,000/-രൂപ |

| | | | |
|---|---|---|---|
| 2 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്,കൊല്ലം | ജില്ലാ വനിതാ ശിശു വികസന ഓഫീസർ, കൊല്ലം | 70,000/-രൂപ |
| 3 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, കോട്ടയം | ജില്ലാ വനിതാ ശിശു വികസന ഓഫീസർ, കോട്ടയം | 70,000/-രൂപ |
| 4 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, മായിത്തറ, ആലപ്പുഴ | ജില്ലാ വനിതാ ശിശു വികസന ഓഫീസർ, ആലപ്പുഴ | 70,000/-രൂപ |
| 5 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, രാമവർമ്മപുരം, തൃശൂർ | ജില്ലാ വനിതാ ശിശു വികസന ഓഫീസർ, തൃശൂർ | 70,000/-രൂപ |
| 6 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, വെള്ളിമാടുകുന്ന്, കോഴിക്കോട് | ജില്ലാ വനിതാ ശിശു വികസന ഓഫീസർ, കോഴിക്കോട് | 70,000/-രൂപ |
| 7 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്,കണ്ണൂർ | ജില്ലാ വനിതാ ശിശു വികസന ഓഫീസർ, കണ്ണൂർ | 70,000/-രൂപ |
| 8 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്,കാക്കനാട്, എറണാകുളം | ജില്ലാ വനിതാ ശിശു വികസന ഓഫീസർ, എറണാകുളം | 70,000/-രൂപ |
| 9 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, വെള്ളിമാടുകുന്ന്, കോഴിക്കോട് | ജില്ലാ വനിതാ ശിശു വികസന ഓഫീസർ, കോഴിക്കോട് | 70,000/-രൂപ |
| 10 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, പത്തനംതിട്ട | ജില്ലാ വനിതാ ശിശു വികസന ഓഫീസർ, പത്തനംതിട്ട | 70,000/-രൂപ |
| 11 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, നൂറനാട്, ആലപ്പുഴ | ജില്ലാ വനിതാ ശിശു വികസന ഓഫീസർ, ആലപ്പുഴ | 70,000/-രൂപ |
| 12 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, മുട്ടിക്കുളങ്ങര, പാലക്കാട് | ജില്ലാ വനിതാ ശിശു വികസന ഓഫീസർ, പാലക്കാട് | 70,000/-രൂപ |
| 13 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, കണ്ണൂർ | ജില്ലാ വനിതാ ശിശു വികസന ഓഫീസർ, കണ്ണൂർ | 70,000/-രൂപ |
| 14 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, മലപ്പുറം | സീനിയർ സൂപ്രണ്ട്, ജില്ലാ പ്രോഗ്രാം ഓഫീസ് (ഐ.സി.ഡി.എസ് സെൽ), മലപ്പുറം | 70,000/-രൂപ |
| 15 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, കണിയാമ്പറ്റ, വയനാട് | ജില്ലാ വനിതാ ശിശു വികസന ഓഫീസർ, വയനാട് | 70,000/-രൂപ |
| 16 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, പരവനടുക്കം, കാസർഗോഡ് | ജില്ലാ വനിതാ ശിശു വികസന ഓഫീസർ, കാസർഗോഡ് | 70,000/-രൂപ |
| ആകെ തുക | | 11,20,000/-രൂപ (പതിനൊന്ന് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) | |

ടി സാഹചര്യത്തിൽ 2021-2022 സാമ്പത്തിക വർഷം മേൽപ്പട്ടികപ്രകാരം വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന 16 ഗവ ചിൽഡ്രൻസ് ഹോമിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി നിയോഗിക്കുന്ന എഡ്യൂക്കേറ്റർമാരുടെ ഹോണറേറിയം ഇനത്തിൽ നടപ്പു സാമ്പത്തിക വർഷം 2021 ജൂൺ മുതൽ 2021 ഡിസംബർ വരെ പ്രതിമാസം 10,000/-രൂപ

നിരക്കിൽ 7 മാസത്തേയ്ക്ക് ആവശ്യമായി വരുന്ന തുകയായ 11,20,000/-രൂപ (പതിനൊന്ന് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) അഡ്വാൻസായി അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക (11,20,000/-രൂപ) നടപ്പു സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ് ശീർഷകമായ 2235-02-102-36 (P) 02-യിൽ നിന്നും മേൽപ്പട്ടിക പ്രകാരം അതാത് ജില്ലകളിലെ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് അലോട്ട്മെൻറ് ആയി അനുവദിക്കേണ്ടതാണ്. ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ടി തുക അതാത് സ്ഥാപന സൂപ്രണ്ടുമാർക്ക് അലോട്ട്മെൻറ് ആയി നൽകേണ്ടതാണ്. സ്ഥാപന സൂപ്രണ്ടുമാർ പ്രസ്തുത തുകകളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ്, കൈപറ്റ് രസീത് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

നിശ്ചിത ആവശ്യങ്ങളിലേയ്ക്കായി അനുവദിക്കുന്ന തുക വക മാറ്റി ചെലവഴിക്കാതിരിക്കുവാൻ സ്ഥാപനസൂപ്രണ്ടുമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത തുക ചെലവഴിച്ചതിനു ശേഷം എഡ്യൂക്കേറ്റർ തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് ഹോണറേറിയം ഇനത്തിൽ തുടർന്നുള്ള മാസങ്ങളിൽ തുക ആവശ്യമായി വരുകയാണെങ്കിൽ ആയത് സംബന്ധിച്ച സ്ഥാപന സൂപ്രണ്ട് സാക്ഷിപ്പെടുത്തിയ എഡ്യൂക്കേറ്ററുടെ പ്രവർത്തന റിപ്പോർട്ട്, ഹാജർ ബുക്കിൻെറ പകർപ്പ് എന്നിവ സഹിതം വിശദമായ പ്രൊപ്പോസൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)
ഡയറക്ടർ
വനിതാ ശിശു വികസന വകുപ്പ്
ആൻഡ് മെമ്പർ സെക്രട്ടറി
(എസ്.സി.പി.എസ്)

ബന്ധപ്പെട്ട വനിതാ ശിശു വികസന ഓഫീസർമാർക്ക്

പകർപ്പ്

1) ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ടുമാർക്ക്
2) ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്ക് (അറിവിലേയ്ക്കായി)
3) സൂപ്രണ്ട്, അലോട്ട്മെൻറ് സെക്ഷൻ (അലോട്ട്മെൻറ് നൽകുന്നതിനു വേണ്ടി)
4) ഐ.സി.പി.എസ്-4 (എക്സ്പെൻഡിച്ചർ രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തണം)
5) സ്റ്റോക്ക് ഫയൽ
6) സ്പെയർ കോപ്പി

ഉത്തരവിൻപ്രകാരം

പ്രോഗ്രാം മാനേജർ

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM-12
WOMEN & CHILD DEVELOPMENT DEPARTMENT